## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2180 22.01.2014 ൽ മറുപടിയ്ക്ക്

### ക്വാറികൾ പ്രവർത്തിപ്പിക്കാൻ അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ | | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | പാറമടകൾ/ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ പാരിസ്ഥിതി കാനുമതി ആവശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിയമവശം വിശദമാക്കുമോ; | (എ) | ഉണ്ട്. 2006 ലെ പരിസ്ഥിതി ആഘാത ' വിലയിരുത്തൽ വിജ്ഞാപനത്തിന്മേൽ 27.02.2012 ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.05.2012 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ആഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ ഭേദഗതി പ്രകാരം എല്ലാ വിധത്തിലുള്ള ലഘുധാതുക്കളുടെ ഖനന പ്രവർത്തനത്തിനും വിസ്തീർണ്ണ മാനദണ്ഡമില്ലാതെ മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്. 50 ഹെക്ടറിൽ താഴെയുള്ളവയ്ക്ക് സംസ്ഥാന പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി (SEIAA) യുടെയും 50 ഹെക്ടറും അതിന് മുകളിലുമുള്ളവയാണെങ്കിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും മുൻകൂർ പാരിസ്ഥികാനുമതി നേടിയിരിക്കേണ്ടതാണ്. |
| (ബി) | നിലവിൽ പരിസ്ഥിതി വകുപ്പിന്റെ/എസ്.ഇ. ഐ.എ.എ യുടെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | 2006 ലെ EIA വിജ്ഞാപനത്തിൽ ഷെഡ്യൂളിലെ ബി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾക്ക് SEIAA യിൽ നിന്നുള്ള മുൻകൂർ പാരിസ്ഥിതികാനുമതിയ്ക്കായി നിർദ്ദിഷ്ട അപേക്ഷയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷിക്കേണ്ടതാണ്. വിശദാംശങ്ങൾ www.seiaakerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (സി) | അപേക്ഷിച്ച് നിശ്ചിത ദിവസത്തിനകം അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കണമെന്ന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. പൂർണ്ണമായ രീതിയിലുള്ള അപേക്ഷ ലഭിച്ച് 105 ദിവസത്തിനകം അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കണമെന്ന് 2006 ലെ വിജ്ഞാപനത്തിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ